നം. സി2/6118/റ്റിസി/2010

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം,
തീയതി 08.04.2010

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം

സ്വീകർത്താവ്

ഗവൺമെന്റ് സെക്രട്ടറി,
ഗതാഗത (ഡി) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ് - സംയോജിത നഗര ഗതാഗത വികസന നയം - മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 16.03.2010 ലെ 2004/ഡി3/2010/ട്രാൻസ് നമ്പർ സർക്കാർ കത്ത്

മേൽ സൂചന പ്രകാരം അയച്ചു തന്ന സംയോജിത നഗര ഗതാഗത വികസന നയം സംബന്ധിച്ച് 14.01.2010 ൽ കൂടിയ യോഗത്തിന്റെ നടപടി കുറിപ്പിലേക്ക് സർക്കാരിന്റെ ശ്രദ്ധ സാദരം ക്ഷണിച്ചു കൊള്ളുന്നു. പ്രസ്തുത യോഗത്തിന്റെ നിർദ്ദേശങ്ങളിൽ ഒന്നായ നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും റെയിൽവേ സ്റ്റേഷനുകളിലേക്കും തിരിച്ചുമുള്ള ബസ്സുകളുടെ ഷെഡ്യൂൾ പുതുക്കി നിശ്ചയിക്കുക എന്ന ആവശ്യത്തിൻമേൽ അതാത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളാണ് തീരുമാനമെടുത്ത് നടപ്പിൽ വരുത്തേണ്ടത്. ആയതിനാൽ ടി വിഷയം ബന്ധപ്പെട്ട ആർ ടി എ യോഗത്തിൽ അവതരിപ്പിച്ച് യുക്തമായ നടപടി എടുക്കുവാൻ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പോലും ബസ്സുകളുടെ സമയ ക്രമീകരണം ബസ്സുടമകളുടെ കൂടി അനുവാദത്തോടെ മാത്രമേ നടപ്പാക്കാൻ കഴിയുകയുള്ളൂ എന്ന് അറിയിക്കുന്നു. സംയോജിത നഗര ഗതാഗത വികസന നയം സംബന്ധിച്ച യോഗത്തിന്റെ മറ്റ് നിർദ്ദേശങ്ങൾ നയപരമായ

കാര്യങ്ങളായതിനാൽ അവയിൽ വകുപ്പ് തലത്തിലുള്ള തീരുമാനങ്ങളെടുക്കാൻ കഴിയുന്നതല്ല. ആയതിനാൽ ഇതിൻമേൽ ഒരു തീരുമാനമെടുക്കാൻ സർക്കാർ തലത്തിലാണ് നടപടി സ്വീകരിക്കേണ്ടത്.

വിശ്വസ്തതയോടെ,

സീനിയർ ഡി റ്റി സി (ടാക്സേഷൻ),
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി.

13/4/10

പകർപ്പ്:- എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും. നഗരങ്ങളുടെ വിവിധ ഭാഗങ്ങളിൽ നിന്നും റെയിൽവേ സ്റ്റേഷനുകളിലേക്കും തിരിച്ചുമുള്ള ബസ്സുകളുടേ ഷെഡ്യൂൾ പുതുക്കി നിശ്ചയിക്കുന്നതിനു വേണ്ടി ടി വിഷയം ആർ ടി എ മീറ്റിംഗിൽ അവതരിപ്പിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

എസ്.എം.